(ബി) ഏതേതു സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം നഷ്ടപ്പെട്ടു ?

(സി) കടലാക്രമണം തടയുന്നതിനു് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) കേന്ദ്രഗവണ്മെൻറിൽ നിന്നു എന്തു ധനസഹായം ഈ കാര്യത്തിനു ലഭിച്ചിട്ടുണ്ടു്, ഇനി എന്തു പ്രതീക്ഷിക്കാം?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) എത്ര ഏക്കർ എന്നു കണക്കെടുത്തിട്ടില്ല.

(ബി) പൂന്തുറ, വക്കല, നീണ്ടകര, ശക്തികുളങ്ങര, ചവറ, കരുനാഗപ്പള്ളി, കൊച്ചി തുറമുഖത്തിനു വടക്കും തെക്കും ഈ ഭാഗങ്ങളിൽ കടലാക്രമണമുണ്ടായി. ഓരോ സ്ഥലത്തും എത്ര ഏക്കർ നഷ്ടപ്പെട്ടു എന്നതു് കണക്കാക്കിയിട്ടില്ല.

(സി) ശാശ്വതമായ കടലാക്രമണം തടയുന്നതിനായി Sea wall നിർമ്മിക്കുന്നതിനു് പൂനാ റിസർച്ചു് സ്റ്റേഷനിൽ പരീക്ഷണം നടത്തിവരുന്നു. തല്ക്കാലം കൊച്ചിയിൽ മാനാശേരിയിൽനിന്നും തെക്കോട്ടു ഒരു മൈൽ നീളത്തിൽ Sea wall നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും യാതൊരു ഗ്രാൻറും ലഭിച്ചിട്ടില്ല. കേന്ദ്രത്തിൽനിന്നും സ്റ്റേറിലെ പഞ്ചവത്സരപദ്ധതിക്കു് 1954-55-ൽ അനുവദിച്ചിട്ടുള്ള 275 ലക്ഷം രൂപയുടെ വായ്പയിൽ നിന്നു 11 ലക്ഷം രൂപ മാനാശേരിയിൽ കെട്ടുന്ന Sea wall നു് ചിലവാക്കുവാൻ ഇൻഡ്യാഗവണ്മെൻറു് സമ്മതിച്ചിട്ടുണ്ടു്.

മേജർ പാലങ്ങൾ.

* 674. [52] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂറിൽ ഉടനടി പണിയാരംഭിക്കുവാനുദ്ദേശിച്ചിട്ടുള്ള മേജർ പാലങ്ങൾ ഏതെല്ലാമെന്നു് ദയവായി പറയുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): തിരുവിതാംകൂർഭാഗത്തു് പിറവം (മൂവാറ്റുപുഴ താലൂക്കു്) കുമ്പഴ (പത്തനംതിട്ട താലൂക്കു്) ഇട്ടിനായർകടവു് (മാവേലിക്കര താലൂക്കു്) എന്നീ പാലങ്ങളുടെ പണി ഉടനെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

തടിമോഷണം.

* 675. [55] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകായ്വുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്തു് ആകെ എത്ര തടിമോഷണക്കേസുകൾ ഉണ്ടായിട്ടുണ്ടു് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്?

(ബി) 1953-1954 എന്നീ വർഷങ്ങളിൽ കൊട്ടാരക്കര റെയിഞ്ചിൽ നിന്നു മാത്രമായി എത്ര തടിമോഷണക്കേസുകൾ പിടിച്ചിട്ടുണ്ടു്, അതിലെ പ്രതികളുടെ പേരു് പറയുമോ ;

(സി) ഈ പ്രതികളിൽ തടിമോഷണക്കേസിൽ എത്ര തവണയിലെ പുള്ളികളായിട്ടുള്ളവരുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly